# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് പത്ത്

## എഫെസൊസിലുള്ള സഭ—സ്നേഹവും, ജീവനും, വെളിച്ചവും

Tue വെളിപ്പാട് പുസ്തകം വളരെ നന്നായി രചിക്കപ്പെട്ടതാണ്. ഒന്നാമത്തെ അധ്യായത്തെ തുടർന്ന് രണ്ടും മൂന്നും അധ്യായങ്ങൾ പ്രായോഗികമായ ഏഴു സഭകളുടെ വ്യക്തമായ ഒരു കാഴ്ച നമുക്കു നല്കുന്നു. ഈ ഏഴു സഭകൾ ഉപദേശത്തിലല്ല, യഥാർഥ അനുഷ്ഠാനത്തിൽ സ്ഥലംസഭകളെ വെളിപ്പെടുത്തുന്ന ശ്രേഷ്ഠമായ ഉദാഹരണങ്ങളാണ്. ഈ ഏഴു സഭകളെക്കുറിച്ചു ചിന്തിക്കുന്നതിലൂടെ ഒരു സ്ഥലംസഭ എന്താണെന്നും എങ്ങനെയായിരിക്കണമെന്നും നമുക്കു വ്യക്തമായി കാണുവാൻ കഴിയും.

രണ്ടും മൂന്നും അധ്യായങ്ങളിലുള്ള ഏഴു ലേഖനങ്ങൾ, ഈ ലേഖനങ്ങൾ എഴുതിയ സമയത്ത് ഏഴു സഭകളിൽ നിലവിലുണ്ടായിരുന്ന യഥാർഥ സാഹചര്യത്തിന്റെ വിവരണം ആണ്. എന്നാലും, ഈ പുസ്തകം പ്രാവചന സ്വഭാവത്തോടുകൂടെയുള്ള അടയാളങ്ങളുടെ ഒരു പുസ്തകമായതിനാൽ, സഭയുടെ ഏഴു ഘട്ടങ്ങളിലുള്ള പുരോഗതിയെ പ്രവചനാത്മകമായി സൂചിപ്പിച്ചുകൊണ്ട്, ഏഴു സഭകളുടെ സാഹചര്യങ്ങളും അടയാളങ്ങളാണ്. എഫെസൊസിലുള്ള സഭയ്ക്കുള്ള ഒന്നാം ലേഖനം, ഒന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗത്തിന്റെ സമയത്ത്, ഒന്നാം ഘട്ടത്തിന്റെ അവസാനത്തിൽ ഉണ്ടായിരിക്കുന്ന സഭയുടെ ഒരു ചിത്രം നല്കുന്നു. സ്മുർന്നയിലുള്ള സഭയ്ക്കുള്ള രണ്ടാം ലേഖനം ഒന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗം മുതൽ, റോമാസാമ്രാജ്യത്തിന്റെ കൈസറായിരുന്ന മഹാനായ കുസ്തന്തിനോസ്, സഭയെ സാമ്രാജ്യത്തിന്റെ പ്രീതിയിലേക്ക് കൊണ്ടുവന്ന, നാലാം നൂറ്റാണ്ടിന്റെ ആദ്യഭാഗം വരെയുള്ള റോമാസാമ്രാജ്യത്തിന്റെ ഉപദ്രവത്തിൻകീഴിൽ കഷ്ടംസഹിക്കുന്ന സഭയെ മുൻകൂട്ടി സൂചിപ്പിക്കുന്നു. പെർഗ്ഗമൊസിലുള്ള സഭയ്ക്കുള്ള മൂന്നാം ലേഖനം കുസ്തന്തിനോസ്, ക്രിസ്തുമതം സ്വീകരിച്ച നാൾമുതൽ ആറാം നൂറ്റാണ്ടിന്റെ അവസാനഭാഗത്തിൽ പോപ്പിന്റെ വ്യവസ്ഥിതി സ്ഥാപിച്ച സമയംവരെയുള്ള ലൗകികമായ

സഭയെ, ലോകത്തെ വിവാഹംകഴിച്ച സഭയെ മുൻകൂട്ടി ദൃഷ്ടാന്തമാക്കുന്നു. തുയത്തൈരയിലുള്ള സഭയ്ക്കുള്ള ലേഖനം ആറാം നൂറ്റാണ്ടിന്റെ അവസാനഭാഗത്തിലെ പോപ്പിന്റെ വ്യവസ്ഥിതിയുടെ നിയോഗം മുതൽ ക്രിസ്തു മടങ്ങിവരുമ്പോഴുള്ള ഈ യുഗത്തിന്റെ അവസാനംവരെ, വിശ്വാസത്യാഗിനിയായ സഭയെ, പ്രവചനാത്മകമായി വർണ്ണിക്കുന്നു. സർദ്ദീസിലുള്ള സഭയ്ക്കുള്ള അഞ്ചാം ലേഖനം പതിനാറാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തിലുള്ള നവീകരണം മുതൽ ക്രിസ്തുവിന്റെ മടങ്ങിവരവു വരെയുള്ള പ്രൊട്ടസ്റ്റന്റ് സഭയെ മുൻകൂട്ടി സൂചിപ്പിക്കുന്നു. ഫിലദെൽഫ്യയിലുള്ള സഭയ്ക്കുള്ള ആറാം ലേഖനം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത്, സംഘടനാപരവും ഭിന്നതയുണ്ടാക്കുന്നതുമായ സകല വ്യവസ്ഥിതികളുടെയും വെളിയിൽ സഭാജീവിതം അനുഷ്ഠിക്കുന്നതിന് ഇംഗ്ലണ്ടിൽ സഹോദരന്മാർ എഴുന്നേല്പിക്കപ്പെട്ടപ്പോൾ മുതൽ കർത്താവിന്റെ രണ്ടാം പ്രത്യക്ഷത വരെയുള്ള ശരിയായ സഭാജീവിതത്തിന്റെ പ്രത്യുദ്ധാരമായ സഹോദരസ്നേഹത്തിന്റെ സഭയെ പ്രവചിക്കുന്നു. ലവൊദിക്ക്യയിലുള്ള സഭയ്ക്കുള്ള ഏഴാം ലേഖനം പത്തൊമ്പതാം നൂറ്റാണ്ടിലെ സഹോദരന്മാരുടെ അധഃപതിച്ച സഭാജീവിതത്തെ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഭാഗം മുതൽ കർത്താവിന്റെ മടങ്ങിവരവുവരെ മുൻകൂട്ടികാണിക്കുന്നു. ഈ ദൂതിലും തുടർന്നുള്ള ആറു ദൂതുകളിലുമായി ഈ ഓരോ സഭയെയും ക്രമത്തിൽ നമുക്കു ചിന്തിക്കാം.

ഈ ദൂതിൽ നാം എഫെസൊസിലുള്ള സഭയിലേക്കു വരുന്നു (2:1-7). ഈ ദൂതിലെ നിർണ്ണായകമായ പദങ്ങൾ സ്നേഹവും, ജീവനും, വെളിച്ചവും ആണ്. സഭാജീവിതം ഉണ്ടായിരിക്കുന്നതിനുള്ള അടിസ്ഥാന ആവശ്യകത കർത്താവിനോടുള്ള നമ്മുടെ സ്നേഹമാണ്. തീർച്ചയായും, നമ്മോടുള്ള കർത്താവിന്റെ സ്നേഹത്തിന് ഒരു പ്രശ്നവുമില്ല. അവൻ നമ്മെ സ്നേഹിച്ചു, നമ്മെ തുടർന്നും സ്നേഹിക്കുന്നു. അവനോടുള്ള നമ്മുടെ സ്നേഹത്തിനാണ് പ്രശ്നമുള്ളത്. കഴിഞ്ഞ കാലങ്ങളിൽ നാം അവനെ സ്നേഹിച്ചിട്ടുണ്ടാകാം ഇപ്പോൾ സ്നേഹിക്കുന്നുമുണ്ടാകാം, എങ്കിലും കർത്താവായ യേശുവിനോടുള്ള നമ്മുടെ സ്നേഹം മങ്ങിപ്പോകാം എന്നൊരു അപകടമുണ്ട്. എഫെസൊസിലുള്ള സഭയ്ക്കുള്ള ലേഖനം ഇതിനെക്കുറിച്ച് മുന്നറിയിപ്പു തരുന്നു. ഈ ലേഖനം നമുക്ക് സഭാജീവിതത്തിലെ അധഃപതനത്തിന്റെ ഉറവിടത്തിന്റെ വ്യക്തമായ വെളിപാടും നല്കുന്നു—ആദ്യസ്നേഹത്തിന്റെ മങ്ങിപ്പോകൽ. നാം കാണാൻ പോകുന്നതുപോലെ, സ്നേഹം നമുക്ക് ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാനുള്ള സ്ഥാനവും, അടിത്തറയും, അവകാശവും, വിശേഷാധികാരവും നല്കുന്നു. സ്നേഹം നമുക്ക് ജീവസഹായം നല്കുന്നു. നാം കർത്താവിനെ സ്നേഹിക്കുന്നുവെങ്കിൽ, നമ്മുടെ ജീവസഹായമായ ജീവവൃക്ഷമായി അവനെ

ആസ്വദിക്കുവാനുള്ള പൂർണ്ണാവകാശം നമുക്കുണ്ടായിരിക്കും. വെളിച്ചം എപ്പോഴും സമൃദ്ധമായ ജീവസഹായത്തിൽനിന്ന് പുറപ്പെടുന്ന ജീവനെ പിന്തുടരുന്നു. ജീവൻ നമുക്കു വെളിച്ചം തരുന്നു. നമ്മുടെ ജീവസഹായമായി ക്രിസ്തുവിനെ നാം ആസ്വദിക്കുമ്പോൾ നമുക്ക് ജീവന്റെ വെളിച്ചം ഉണ്ടായിരിക്കും എന്നു സൂചിപ്പിച്ചുകൊണ്ട്, കൂടാരത്തിൽ നിലവിളക്ക് കാഴ്ചയപ്പത്തിന്റെ മേശയ്ക്കുശേഷം വരുന്നു. നാം കർത്താവിനെ സ്നേഹിക്കണമെന്നത് നിർണായകമായും പ്രധാനമാണ്. നമുക്ക് സ്നേഹം ഉണ്ടെങ്കിൽ, ജീവവൃക്ഷത്താൽ പ്രതീകവൽക്കരിക്കുന്ന ജീവനും നിലവിളക്കിനാൽ സൂചിപ്പിക്കപ്പെടുന്ന വെളിച്ചവും ഉണ്ടായിരിക്കും.

ചുരുക്കത്തിൽ, എഫെസൊസിലുള്ള സഭയിലുണ്ടായിരുന്ന പ്രശ്നം കർത്താവിനോടുള്ള ആദ്യസ്നേഹം മങ്ങിപ്പോകുന്നതായിരുന്നു. ഇതുനിമിത്തം, അവൾ മാനസാന്തരപ്പെട്ടില്ലെങ്കിൽ അവളുടെ നിലവിളക്ക് നീക്കിക്കളയപ്പെടുമെന്ന ആപത്തിലായിരുന്നു അവളെന്ന് മുന്നറിയിപ്പു കൊടുത്തുകൊണ്ട്, ഈ സഭയോടു പൂർണ്ണമായി ഇടപെടുവാൻ കർത്താവു കടന്നുവന്നു. അവരുടെ ഇടയിൽനിന്നും മാനസാന്തരപ്പെടുകയും അവന്റെ ആദ്യസ്നേഹത്തിലേക്കു മടങ്ങിവരുകയും ചെയ്യുന്ന ഏവനും ഒരു ജയാളിയായിരിക്കുവാൻ കർത്താവിനാൽ പരിഗണിക്കപ്പെടും. ജീവവൃക്ഷമായി തന്നെ ആസ്വദിക്കുവാനുള്ള അവകാശം കർത്താവ് ജയാളിക്കു വാഗ്ദത്തംചെയ്തു. തീർച്ചയായും ജയിച്ചവരുടെ ഇടയിൽ നിലവിളക്ക് എപ്പോഴും നിലനിൽക്കും. എന്നാൽ, കർത്താവിനോടുള്ള നമ്മുടെ മങ്ങിപ്പോകുന്ന സ്നേഹത്തെക്കുറിച്ച് നാം മാനസാന്തരപ്പെടുന്നില്ലെങ്കിൽ, ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാനുള്ള അവകാശം നാം നഷ്ടപ്പെടുത്തുകയും, നമ്മിൽനിന്നും നിലവിളക്ക് നീക്കപ്പെടുകയും ചെയ്യും. ഇതാണു സംഭവിക്കുന്നതെങ്കിൽ, നാം സ്നേഹവും വെളിച്ചവും ഇല്ലാത്തവരായിരിക്കും. ഇത് എത്ര പരിതാപകരമായ അവസ്ഥയായിരിക്കും!

## I. സംസാരിക്കുന്നവൻ

വെളിപ്പാട് 2:1 പറയുന്നു, "എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ നടക്കുന്നവൻ അരുളിച്ചെയ്യുന്നു." ഈ ഏഴു ലേഖനങ്ങളിൽ ഓരോന്നും സംസാരിക്കുന്നവന്റെ ഒരു വിശദീകരണത്തോടുകൂടെ ആരംഭിക്കുന്നു. സഭകളോടു കർത്താവ് എന്തെങ്കിലും സംസാരിക്കുന്നതിനു മുമ്പ് അവൻ ആരാണെന്ന് അവൻ പ്രഖ്യാപിക്കുന്നു. ഒന്നാം ലേഖനത്തിൽ കർത്താവു പ്രഖ്യാപിക്കുന്നത്, അവൻ ഏഴു നക്ഷത്രം വലം കൈയിൽ

പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ നടക്കുന്നവൻ ആകുന്നു എന്നാണ്. ഈ രണ്ടു കാര്യങ്ങളും തെളിയിക്കുന്നത് കർത്താവ് വളരെ സാധാരണക്കാരനും, നിർവ്യാജനും, ശരിയായവനും ആകുന്നു എന്നാണ്. നേതൃത്വം നൽകുന്നവരെ തന്റെ വലം കൈയിൽ പിടിച്ചുകൊണ്ടും സകല സഭകളുടെയും ഇടയിൽ നടന്നുകൊണ്ടും അവൻ സഭകളെ കരുതുന്നു. ആത്മികരായ, പ്രകാശിക്കുന്ന നക്ഷത്രങ്ങളാൽ സൂചിപ്പിക്കപ്പെടുന്ന, യേശുവിന്റെ സാക്ഷ്യത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്നവരായ സഭകളുടെ ദൂതന്മാരെ കർത്താവ് തന്റെ വലം കൈയിൽ പിടിച്ചിരിക്കുകയും, ഏഴു പൊൻനിലവിളക്കുകളാൽ സൂചിപ്പിക്കപ്പെടുന്ന സഭകളുടെ നടുവിൽ കർത്താവു നടന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. എത്ര അത്ഭുതകരമായ ദൃശ്യം! സഭകളായ നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ട് നമ്മുടെ മഹാപുരോഹിതനായി കർത്താവ് ദൈവത്തിന്റെ വലത്തുഭാഗ ത്തിരിക്കുമ്പോൾ (എബ്രാ. 7:25), അവൻ സഭകളുടെ ദൂതന്മാരെ പിടിച്ചിരിക്കുകയും, അവർക്കുവേണ്ടി കരുതുന്നതിന് സഭകളുടെ മധ്യേ നടക്കുകയും ചെയ്യുന്നു.

## II. സഭയുടെ നന്മകൾ

യവനഭാഷയിൽ *എഫെസൊസ്* എന്ന പദത്തിന്റെ അർഥം *ആഗ്രഹിക്കത്തക്കത്* എന്നാണ്. ഇതു സൂചിപ്പിക്കുന്നത് ആദ്യകാല സഭ അതിന്റെ അന്ത്യകാലത്തും കർത്താവിന് ആഗ്രഹിക്കത്തക്കതായിരുന്നു എന്നാണ്. കർത്താവിന് അപ്പോഴും അവളിൽ ഏറെ പ്രതീക്ഷ ഉണ്ടായിരുന്നു.

### A. പ്രവൃത്തികൾ

നമുക്കിനി എഫെസൊസിലുള്ള സഭയുടെ നന്മകൾ നോക്കാം. ഒന്നാമത്, അവൾ കർത്താവിനുവേണ്ടി ധാരാളം പ്രവൃത്തികൾ ചെയ്തു. എഫെസൊസിലുള്ള സഭ നിഷ്ക്രിയയോ അലസയോ ആയിരുന്നില്ല. അവൾ കർത്താവിനുവേണ്ടി വേല ചെയ്യുന്നതിൽ വളരെ നല്ലതായിരുന്നു.

### B. അധ്വാനം

ഈ സഭ കർത്താവിനുവേണ്ടി വേല ചെയ്തുവെന്നു മാത്രമല്ല, അവനുവേണ്ടി അധ്വാനിക്കുകയും ചെയ്തു (വാ. 2-3). വേലയും അധ്വാനവും തമ്മിൽ നാം വേർതിരിച്ചറിയണം. അധ്വാനം വേലയെക്കാൾ ഉന്നതമാണ്. വേല സാധാരണമായിരിക്കുമ്പോൾ, അധ്വാനം സവിശേഷമാണ്. അനഹേമിലെ നമ്മുടെ മീറ്റിംഗ് ഹാളിനുവേണ്ടി മുഴുവൻ സമയവും പ്രവർത്തിച്ചവർ വേലചെയ്യുക മാത്രമായിരുന്നില്ല, അവർ അധ്വാനിക്കുകയുമായിരുന്നു. നാം

ഒരു കോൺട്രാക്ടറെ കൂലിക്കെടുക്കുകയും യൂണിയനിലുള്ള ജോലിക്കാരെ ഉപയോഗിക്കുകയും ചെയ്തിരുന്നെങ്കിൽ, അവർ അധ്വാനിക്കാതെ വേല ചെയ്യുമായിരുന്നു.

## C. സഹിഷ്ണുത

എഫെസൊസിലുള്ള സഭയ്ക്ക് സഹിഷ്ണുത എന്ന നന്മയും ഉണ്ടായിരുന്നു. ഇത് അർഥമാക്കുന്നത് സഭ ക്ലേശിപ്പിക്കപ്പെട്ടുവെന്നും കഷ്ടത സഹച്ചുവെന്നും ആണ്.

## D. ദുഷ്ടന്മാരെ സഹിച്ചില്ല

"ദുഷ്ടന്മാരെ നിനക്കു സഹിച്ചുകൂടാത്തതും" (വാ. 2) എന്ന് എഫെസൊസിലുള്ള സഭയോടു കർത്താവു പറഞ്ഞു. യവനഭാഷയിൽ *മനുഷ്യർ* എന്ന പദം ഇല്ല. ദുഷ്ടതയെ സംബന്ധിച്ച കർത്താവിന്റെ വാക്കിൽ ഇവിടെ രണ്ടു കാര്യങ്ങൾ ഉൾപ്പെടുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു— ദുഷ്ട മനുഷ്യരും ദുഷ്ട കാര്യങ്ങളും. എഫെസൊസിലുള്ള സഭ ദുഷ്ടനായ ഒരു വ്യക്തിയെയോ ദുഷ്ടമായ ഒരു കാര്യത്തെയോ സഹിച്ചില്ല. ഇതു തീർച്ചയായും ഒരു നല്ല സഭയായിരുന്നു.

## E. കള്ളപ്രവാചകന്മാരെ പരീക്ഷിച്ചു

കർത്താവു പറഞ്ഞു, "അപ്പൊസ്തലന്മാരല്ലാതിരിക്കെ തങ്ങളെത്തന്നെ അപ്പൊസ്തലന്മാർ എന്ന് വിളിക്കുന്നവരെ നീ ശോധനചെയ്ത്, അവർ വ്യാജന്മാർ എന്ന് നീ കണ്ടെത്തിയിരിക്കുന്നു" (വാ. 2). ഈ സഭ വളരെ വിവേചനമുള്ളവളും, കള്ളയപ്പൊസ്തലന്മാരെ ശോധനചെയ്യുന്നവളും, അവരെ നിരസിക്കുന്നവളും ആയിരുന്നു. സ്വയം അപ്പൊസ്തലന്മാരെന്നു പറയുന്നത് കളവാണെന്ന് അവർ വിവേചിച്ചറിഞ്ഞു. തലമുറകളിലുടനീളം, സ്വയംനിയമിതരായ അപ്പൊസ്തലന്മാർ ഉണ്ടായിരുന്നു. ഇന്നും ഇത് സത്യമാണ്.

## F. നിക്കൊലാവ്യരുടെ പ്രവൃത്തികളെ വെറുക്കുന്നു

2:6-ൽ കർത്താവു പറഞ്ഞു, "എന്നാൽ നിക്കൊലാവ്യരുടെ പ്രവൃത്തികൾ നീ വെറുക്കുന്നു എന്നൊരു കാര്യം നിനക്കുണ്ട്, അത് ഞാനും വെറുക്കുന്നു." എഫെസൊസിലുള്ള സഭ കർത്താവു വെറുക്കുന്നതിനെ—നിക്കൊലാവ്യരുടെ പ്രവൃത്തികളെ—വെറുത്തിരുന്നു. നന്മകളെ സംബന്ധിച്ചിടത്തോളം ഈ സഭ നല്ലവളും, നിർമലയും, ശരിയായവളും, സാധാരണവും ആയിരുന്നു.

നിക്കൊലാവ്യരുടെ പ്രവൃത്തികളെ കർത്താവു വെറുക്കുന്നു. നിക്കൊലാവ്യരുടെ പ്രവൃത്തികൾ എന്താണെന്ന് മനസ്സിലാക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, സഹോദരൻ

നീയുടെ *സഭയുടെ യാഥാസ്ഥിതികത്വം* *(The Orthodoxy of the Church)* എന്ന പുസ്തകം വായിക്കുക. നിക്കൊലാവ്യരുടെ പ്രവൃത്തികൾ വിശുദ്ധന്മാരുടെ ഇടയിൽ ചിലർ തങ്ങളെത്തന്നെ മറ്റുള്ളവരുടെമേൽ ഭരണംനടത്തുവാൻ ആക്കിവയ്ക്കുന്ന പുരോഹിതസമ്പ്രദായത്തെ പരാമർശിക്കുന്നു. ഇത് വൈദികരെന്നും അവൈദികരെന്നും വിളിക്കപ്പെടുന്നതിലേക്കു കൊണ്ടുവരുന്നു. എഫെസൊസിലുള്ള സഭയിൽ നിക്കൊലാവ്യരുടെ ഉപദേശവും പഠിപ്പിക്കലും ഉണ്ടായിരുന്നില്ല. ഇതു പിന്നീട് വികാസം പ്രാപിക്കുവാനുള്ളതായിരുന്നു. എന്നാൽ അവിടെ നിക്കൊലാവ്യരുടെ പ്രവൃത്തികളും പ്രവർത്തനങ്ങളും ഉണ്ടായിരുന്നു, അതായത്, വൈദികരുടെയും അവൈദികരുടെയും ഒരു തരത്തിലുള്ള പുരോഹിത അധികാരശ്രേണി ഉണ്ടായിരുന്നു. *നിക്കൊലാവ്യർ* എന്ന പദം *നിക്കൊലായിറ്റായ്* എന്ന യവനപദത്തിനു സമമാണ്; അതിന്റെ മൂലപദം *നിക്കൊ, ലാവോസ്* എന്നീ രണ്ടു പദങ്ങൾ ചേരുന്ന നിക്കൊലാവോസ് ആണ്. നിക്കൊയുടെ അർഥം പിടിച്ചടക്കുക അഥവാ, മറ്റുള്ളവരുടെ മുകളിൽ എന്നാണ്. ലാവോസിന്റെ അർഥം സാധാരണ ജനം, സാമാന്യ ജനം, അഥവാ, അവൈദികർ എന്നാണ്. അങ്ങനെ, നിക്കൊലാവോസ് അർഥമാക്കുന്നത് സാധാരണജനത്തെ പിടിച്ചടക്കുന്നു, അവൈദികരുടെമേൽ കയറുന്നു എന്നാണ്. അങ്ങനെ, സാധാരണ വിശ്വാസികളെക്കാൾ ഉയർന്നവരായി തങ്ങളെത്തന്നെ വിലമതിക്കുന്ന ഒരു കൂട്ടം ആളുകളെയായിരിക്കണം നിക്കൊലാവ്യർ പരാമർശിക്കുന്നത്. ഇതു സംശയലേശമെന്യേ കത്തോലിക്കാമതത്താലും പ്രൊട്ടസ്റ്റന്റുമതത്താലും പിൻതുടർന്നതും സ്ഥാപിക്കപ്പെട്ടതുമായ പുരോഹിത അധികാരശ്രേണി ആയിരുന്നു. ഈ നിക്കൊലാവ്യരുടെ പ്രവൃത്തികളെയും പെരുമാറ്റത്തെയും കർത്താവു വെറുക്കുന്നു; കർത്താവു വെറുക്കുന്നതിനെ നാമും വെറുക്കണം.

തന്റെ സകല ജനവും അവനെ നേരിട്ടു സേവിക്കുന്ന പുരോഹിതന്മാരായിരിക്കണമെന്ന് ദൈവം തന്റെ വ്യവസ്ഥയിൽ ഉദ്ദേശിച്ചു. പുറപ്പാട് 19:6-ൽ ഒരു "പുരോഹിത രാജത്വം" ആയിരിക്കുന്നതിന് ദൈവം യിസ്രായേൽമക്കളെ നിയോഗിച്ചു. ദൈവത്തിന് അവർ എല്ലാവരും പുരോഹിതന്മാരായിരിക്കണം എന്നാണ് ഇത് അർഥമാക്കുന്നത്. എന്നാൽ, പൊന്നുകൊണ്ടുള്ള കാളക്കുട്ടിയെ ആരാധിച്ചതുനിമിത്തം (പുറ. 32:1-6), അവർക്ക് പൗരോഹിത്യം നഷ്ടമാകുകയും, മുഴുവൻ യിസ്രായേൽ രാഷ്ട്രവും ദൈവത്തിന് പുരോഹിതന്മാരായിരിക്കുന്നതിനു പകരം, ദൈവത്തോടുള്ള വിശ്വസ്തതമൂലം ലേവിഗോത്രം മാത്രം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു (പുറ. 32:25-29; ആവ. 33:8-10). ഇക്കാരണത്താൽ, ദൈവത്തിനും യിസ്രായേൽമക്കൾക്കും ഇടയിൽ ഇടനിലക്കാരുടെ

ഒരു ഗണം ഉണ്ടായിരുന്നു. ഇത് യെഹൂദാമതത്തിൽ ശക്തമായ ഒരു സമ്പ്രദായമായിത്തീർന്നു. പുതിയനിയമത്തിൽ, തന്റെ വ്യവസ്ഥയനുസരിച്ചുള്ള ആരംഭോദ്ദേശ്യത്തിലേക്ക് ദൈവം മടങ്ങിവന്നു. അതിൽ അവൻ ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളെയും പുരോഹിതന്മാരാക്കി (1:6; 5:10; 1 പത്രോ. 2:5, 9). എന്നാൽ ആദ്യകാല സഭയുടെ അന്ത്യത്തിൽ, ഒന്നാം നൂറ്റാണ്ടിൽപോലും, ദൈവത്തിന്റെ വ്യവസ്ഥയെ നശിപ്പിക്കുവാൻ മധ്യസ്ഥത വഹിക്കുന്ന ഒരു ഗണം നിക്കൊലാവ്യർ ഇടയിൽ കയറിവന്നു. സഭാചരിത്രമനുസരിച്ച് ഇത് റോമൻ കത്തോലിക്കാസഭയാൽ കൈക്കൊള്ളപ്പെട്ടതും പ്രൊട്ടസ്റ്റന്റുസഭകളാൽ നിലനിർത്തപ്പെട്ടതുമായ ഒരു വ്യവസ്ഥിതിയായിത്തീർന്നു. ഇന്ന് റോമൻ കത്തോലിക്കാസഭയിൽ പുരോഹിത വ്യവസ്ഥിതിയും, ദേശീയസഭകളിൽ വൈദിക വ്യവസ്ഥിതിയും, സ്വതന്ത്രസഭകളിൽ ഇടയ വ്യവസ്ഥിതിയും ഉണ്ട്. എല്ലാ വിശ്വാസികളുടെയും സാർവത്രിക പൗരോഹിത്യത്തെ നശിപ്പിച്ചുകൊണ്ട് ഇവയെല്ലാം മധ്യസ്ഥത വഹിക്കുന്ന ഒരു ഗണമാണ്. അങ്ങനെ, വ്യതിരിക്തമായ രണ്ടു ഗണങ്ങളുണ്ട്—വൈദികരും അവൈദികരും. എന്നാൽ ശരിയായ സഭാജീവിതത്തിൽ വൈദികനോ അവൈദികനോ പാടില്ല: എല്ലാ വിശ്വാസികളും ദൈവത്തിന്റെ പുരോഹിതന്മാരായിരിക്കണം. മധ്യസ്ഥത വഹിക്കുന്ന ഗണം ദൈവത്തിന്റെ വ്യവസ്ഥയിലുള്ള സാർവത്രിക പൗരോഹിത്വത്തെ നശിപ്പിക്കുന്നതുകൊണ്ട് കർത്താവ് അതിനെ വെറുക്കുന്നു.

പ്രവൃത്തികൾ 6:5-ൽ സേവിക്കുന്ന ഏഴുപേരുടെ ഇടയിൽ നിക്കലാവൊസ് (യവനഭാഷയിൽ) എന്നു പേരുള്ള ഒരുവൻ ഉണ്ടായിരുന്നു. ഈ നിക്കൊലാവൊസ് ആണ് ആദ്യത്തെ നിക്കൊലാവ്യൻ എന്നു പറയത്തക്ക യാതൊന്നും സഭാചരിത്രത്തിലില്ല.

Wed

## III. സഭയുടെ അധഃപതനത്തിന്റെ തുടക്കം

എഫെസൊസിലുള്ള സഭയ്ക്ക് നിരവധി നന്മകൾ ഉണ്ടായിരുന്നുവെങ്കിലും, അതിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞതുകൊണ്ട് അത് അധഃപതിച്ചുപോയി. വാക്യം 4-ൽ കർത്താവു പറഞ്ഞു, "എന്നാൽ നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്." *ആദ്യ* എന്നതിനുള്ള യവനപദം ലൂക്കൊസ് 15:22-ൽ *മേൽത്തരമായ* എന്നു പരിഭാഷപ്പെടുത്തിയ അതേ പദംതന്നെയാണ്. കർത്താവിനോടുള്ള നമ്മുടെ ആദ്യസ്നേഹം അവനുവേണ്ടിയുള്ള നമ്മുടെ മേൽത്തരമായ സ്നേഹമായിരിക്കണം. എഫെസൊസിലുള്ള സഭ കർത്താവിനോടുള്ള ഈ മേൽത്തരമായ സ്നേഹം നഷ്ടപ്പെടുത്തിയിരുന്നു.

സഭ ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ (എഫെ. 1:23) ജീവന്റെ ഒരു വിഷയമാണ്; പുതുമനുഷ്യനെന്ന നിലയിൽ (എഫെ. 2:15) അത് ക്രിസ്തു എന്ന വ്യക്തിയുടെ വിഷയവും, ക്രിസ്തുവിന്റെ മണവാട്ടിയെന്ന നിലയിൽ (യോഹ. 3:29) അത് സ്നേഹത്തിന്റെ ഒരു വിഷയവും ആണ്. എഫെസ്യർക്കുള്ള ഒന്നാം ലേഖനം നമ്മോടു പറയുന്നത് സഭാജീവിതത്തിനുവേണ്ടി ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയേണ്ടതിനും, നാം സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി, പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയേണ്ടതിനും, ദൈവത്തിന്റെ എല്ലാ നിറവിനോളം നിറയേണ്ടതിനും (എഫെ. 3:16-19) നാം അകത്തെ മനുഷ്യനിലേക്ക് ബലപ്പെടണം എന്നാണ്; അത് സഭാജീവിതത്തിനുവേണ്ടി കർത്താവായ യേശുവിനെ സ്നേഹിക്കുന്ന എല്ലാവരോടുംകൂടെ കൃപ ഉണ്ടാരിക്കേണ്ടതിനാണ് (എഫെ. 6:24). ഇപ്പോൾ എഫെസ്യർക്കുള്ള രണ്ടാം ലേഖനത്തിൽ വെളിപ്പെടുത്തുന്നത് സഭയുടെ അധഃപതനം ആരംഭിക്കുന്നത് കർത്താവിനോടുള്ള ആദ്യസ്നേഹം നാം വിട്ടുകളയുന്നതോടുകൂടെയാകുന്നു എന്നാണ്. മറ്റൊന്നിനുമല്ല, സ്നേഹത്തിനു മാത്രമേ നമ്മെ കർത്താവുമായുള്ള ശരിയായ ഒരു ബന്ധത്തിൽ കാക്കുവാൻ കഴിയൂ. എഫെസൊസിലുള്ള സഭയ്ക്ക് നല്ല പ്രവൃത്തികൾ ഉണ്ടായിരിക്കുകയും, കർത്താവിനുവേണ്ടി അധ്വാനിക്കുകയും, കള്ള അപ്പൊസ്തലന്മാരെ ശോധന ചെയ്യുകയും ചെയ്യുവെങ്കിലും, കർത്താവിനോടുള്ള അവളുടെ ആദ്യസ്നേഹം അവൾ വിട്ടുകളഞ്ഞു. ആദ്യസ്നേഹം വിട്ടുകളയുന്നത് സഭയുടെ തുടർന്നുള്ള ഘട്ടങ്ങളിലെ സകല അധഃപതനത്തിന്റെയും സ്രോതസ്സാണ്.

ഇന്ന് സ്ഥലംസഭകളിലുള്ള നാം കർത്താവിനു വേണ്ടിയുള്ള നമ്മുടെ ആദ്യസ്നേഹം നഷ്ടപ്പെടുത്തുവാനുള്ള സാധ്യത ഉണ്ടെന്ന മുന്നറിയിപ്പ് ഉള്ളവരായിരിക്കണം. നാം കർത്താവിനുവേണ്ടി വേലചെയ്യുകയും അധ്വാനിക്കുകയും, ഉപദേശപരമായി നിർമ്മലരും തിരുവെഴുത്തിൻപ്രകാരം ശരിയായവരും ആയിരിക്കാമെങ്കിലും, കർത്താവിനു വേണ്ടിയുള്ള ആദ്യസ്നേഹം ഇല്ലാത്തവരായിരിക്കാം. ഒരുപക്ഷേ വരുന്ന വർഷങ്ങളിൽ നാം ഇപ്പോൾ അവനെ സ്നേഹിക്കുന്നത്ര സ്നേഹിക്കുന്നുണ്ടാവില്ല. ഇതേക്കുറിച്ച് സൂക്ഷിച്ചുകൊള്ളുവിൻ. കർത്താവിനു വേണ്ടിയുള്ള നമ്മുടെ സ്നേഹത്തിൽ പരാജയപ്പെടുന്നതിനെക്കാൾ നമ്മുടെ വേലയിൽ ചിലത് നഷ്ടപ്പെടുന്നതായിരിക്കും നല്ലത്. അവനു വേണ്ടിയുള്ള നമ്മുടെ സ്നേഹം ആദ്യസ്നേഹമായിരിക്കണം. "കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. നിനക്കുവേണ്ടി ഞാൻ ചെയ്യുന്ന വേലയെ ഞാൻ സ്നേഹിക്കുന്നില്ല. നിനക്കുവേണ്ടി ഞാൻ ചിലവിടുന്ന അധ്വാനത്തെ ഞാൻ വിലമതിക്കുന്നുമില്ല. കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്നെ സ്നേഹിക്കുന്നതിൽനിന്നും എന്റെ അധ്വാനം എന്നെ ശല്യപ്പെടുത്തുന്നുവെങ്കിൽ,

അധ്വാനിക്കുന്നത് ഞാൻ നിർത്തും" എന്ന് നാം എല്ലാവരും പറയണം. കർത്താവിനോടുള്ള സ്നേഹത്തിൽനിന്നും യാതൊന്നും നിങ്ങളെ വേർപെടുത്തുവാൻ അനുവദിക്കരുത്. നാം ആദ്യസ്നേഹം കരുതിക്കൊള്ളുകയും കർത്താവിനെ സ്ഥിരമായി സ്നേഹിക്കുകയും വേണം.

ജോൺ നെൽസൺ ഡാർബിയെ സംബന്ധിച്ച ഒരു ചെറിയ ഖണ്ഡിക എനിക്കൊരിക്കലും മറക്കുവാൻ കഴിയുകയില്ല. ഡാർബി വളരെ പ്രായംചെന്നയപ്പോൾ അവൻ യാത്ര ചെയ്യുകയും രാത്രി ഒരു ഹോട്ടലിൽ തങ്ങുകയും ചെയ്തിരുന്നുവെന്ന് ഈ ഖണ്ഡിക വെളിപ്പെടുത്തുന്നു. അവൻ കിടക്കുവാനായി പോകുമ്പോൾ വളരെ ലളിതമായ രീതിയിൽ അവൻ പ്രാർഥിച്ചു, "കർത്താവായ യേശുവേ, ഞാൻ ഇപ്പോഴും നിന്നെ സ്നേഹിക്കുന്നു." പ്രായമായ ഒരു വിശുദ്ധൻ ഇങ്ങനെ പറയുന്നത് വളരെ വിലയേറിയതാണ്. ജോൺ നെൽസൺ ഡാർബി തന്റെ യൗവനകാലത്ത് കർത്താവിനെ സ്നേഹിക്കുവാൻ ആരംഭിച്ചു. അറുപതിലധികം വർഷത്തിനുശേഷവും അവൻ കർത്താവിനെ സ്നേഹിച്ചു. നാം എല്ലാവരും എല്ലാ ദിവസവും "കർത്താവായ യേശുവേ, ഞാൻ ഇപ്പോഴും നിന്നെ സ്നേഹിക്കുന്നു. കർത്താവേ, മറ്റെല്ലാ കാര്യത്തിലും ഞാൻ മാറിയേക്കാം, എന്നാൽ നിന്നെ സ്നേഹിക്കുന്നതിൽ ഞാൻ ഒരിക്കലും മാറുകയില്ല. മറിച്ച്, നിനക്കുവേണ്ടിയുള്ള എന്റെ സ്നേഹം എല്ലാ സമയവും വർധിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്ന് കർത്താവിനോടു പറയണം. ഡാർബിയെക്കുറിച്ചുള്ള ഈ ഖണ്ഡിക ഞാൻ വായിച്ചത് ഇരുപതിലധികം വർഷങ്ങൾക്കു മുമ്പാണെങ്കിലും ഈ വർഷങ്ങളിലുടനീളം അത് എനിക്ക് എത്രമാത്രം സഹായം നല്കിയെന്ന് നിങ്ങളോടു പറഞ്ഞറിയിക്കുവാൻ എനിക്കു കഴിയുകയില്ല.

"കർത്താവായ യേശുവേ, ഞാൻ ഇപ്പോഴും നിന്നെ സ്നേഹിക്കുന്നു" എന്ന് നാം സ്ഥിരമായി പറയണം. ഒരിക്കൽ നമ്മുടെ ആദ്യസ്നേഹത്തിൽനിന്നു നാം വീണുപോയാൽ, നമ്മുടെ അധഃപതനം തുടങ്ങിക്കഴിഞ്ഞു. എല്ലാറ്റിലും നാം അതേപടി തുടരുമായിരിക്കാം—വേലയിലും, അധ്വാനത്തിലും, മറ്റു കാര്യങ്ങളിലും—എന്നാൽ നമ്മുടെ ആദ്യസ്നേഹം വിട്ടുകളഞ്ഞാൽ നാം അധഃപതിച്ചുപോകും. ഒടുവിൽ, എഫെസൊസിലുള്ള സഭയ്ക്ക് അധികം പ്രവൃത്തിയും അല്പം സ്നേഹവും ഉണ്ടായിരുന്നു. ഇന്ന്, നമുക്ക് അധികം സ്നേഹവും അല്പം വേലയുമാണ് ആവശ്യമെന്ന് നാം എല്ലാവരും പറയണം. നാം എന്തെങ്കിലും പ്രവൃത്തി ചെയ്യുന്നുവെങ്കിൽ അത് കർത്താവിനുവേണ്ടിയുള്ള നമ്മുടെ സ്നേഹത്തിൽനിന്നായിരിക്കണം. സ്നേഹമാണ് നാം കർത്താവിനു വേണ്ടി ചെയ്യുന്ന എല്ലാ കാര്യങ്ങളെയും പ്രേരിപ്പിക്കേണ്ടത്. നാം അവനെ സ്നേഹിക്കുന്നതുകൊണ്ട് ഒരു കാര്യം ചെയ്യുവാൻ നമുക്കു

കഴിയുന്നില്ലെങ്കിൽ, നാം അതു ചെയ്യരുത്. നമ്മുടെ പ്രവൃത്തി അവനുവേണ്ടിയുള്ള നമ്മുടെ സ്നേഹത്തിന്റെ ആവിഷ്കാരമായിരിക്കണം. നാം ഇങ്ങനെയായിരിക്കണം: അല്ലെങ്കിൽ, നാം അവന്റെ സന്നിധിയിൽ കാക്കപ്പെടുകയില്ല.

## IV. സഭയുടെ അധഃപതനത്തിന്റെ പരിണതഫലം

വാക്യം 5-ൽ സഭയുടെ അധഃപതനത്തിന്റെ പരിണതഫലം നാം കാണുന്നു: "അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക: അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്തുനിന്ന് ഞാൻ നീക്കിക്കളയും." സഭയുടെ അധഃപതനത്തിന്റെ പരിണതഫലം സാക്ഷ്യം നഷ്ടപ്പെടുന്നതാണ്. സാക്ഷ്യം നഷ്ടപ്പെടുകയെന്നത് ലളിതമായി അർഥമാക്കുന്നത് നിലവിളക്ക് നീക്കപ്പെടുന്നതാണ്. കർത്താവിനോടുള്ള നമ്മുടെ ആദ്യസ്നേഹം നാം വിട്ടുകളയുകയും മാനസാന്തരപ്പെടാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കർത്താവിന്റെ സാക്ഷ്യം നഷ്ടപ്പെടുത്തുകയും നിലവിളക്ക് നമ്മിൽനിന്ന് നീക്കപ്പെടുകയും ചെയ്യും. വർഷങ്ങൾക്കുമുമ്പ്, ബ്രദറനിലുള്ള സാക്ഷ്യം വളരെ ശോഭയുള്ളതായിരുന്നു, എന്നാൽ ഇന്ന് അങ്ങനെയല്ല. ബ്രദറൻ അസംബ്ലി എന്നു വിളിക്കപ്പെടുന്ന മിക്കവാറും എല്ലാറ്റിൽനിന്നും നിലവിളക്ക് നീക്കപ്പെട്ടിരിക്കുന്നു എന്നതിനു സംശയമില്ല. നിങ്ങൾ അവരുടെ കൂടിവരവുകളിലേക്കു പ്രവേശിക്കുമ്പോൾ അവിടെ യാതൊരു പ്രകാശിക്കലും അനുഭവിക്കുന്നില്ല. അവിടെ വെളിച്ചവുമില്ല, സാക്ഷ്യവുമില്ല. ഈ പരിണതഫലത്തെ ഒഴിവാക്കുവാൻ നാം ശ്രദ്ധാലുക്കളും സ്ഥിരമായി ജാഗ്രതയുള്ളവരും ആയിരിക്കണം. നാം നിലവിളക്കുകളായ സ്ഥലംസഭകളും യേശുവിന്റെ സാക്ഷ്യവും ആയതുകൊണ്ട് നമ്മുടെ സാക്ഷ്യം നഷ്ടപ്പെടുവാൻ കഴിയുകയില്ലെന്ന് ഒരിക്കലും ചിന്തിക്കരുത്. കർത്താവിനോടുള്ള നമ്മുടെ ആദ്യസ്നേഹം നഷ്ടപ്പെടുന്ന ദിവസം നമ്മുടെ സാക്ഷ്യം നഷ്ടപ്പെടുന്ന ദിവസമായിരിക്കും. ആ ദിവസം നിലവിളക്ക് നീക്കപ്പെടും.

## V. ആത്മാവിന്റെ സംസാരം

2:7-ന്റെ ആദ്യഭാഗം പറയുന്നു, "ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ." രണ്ടും മൂന്നും അധ്യായങ്ങളിലുള്ള ഏഴു ലേഖനങ്ങളിൽ ഓരോന്നിന്റെയും ആരംഭത്തിൽ കർത്താവാണു സംസാരിക്കുന്നത് (2:1, 8, 12, 18; 3:1, 7, 14). എന്നാൽ ഏഴു ലേഖനങ്ങളുടെയും അവസാനം ആത്മാവാണ് സഭകളോടു സംസാരിക്കുന്നത് (2:7, 11, 17, 29; 3:6, 13,

22). ഇത് ഒരിക്കൽകൂടെ തെളിയിക്കുന്നത് സംസാരിക്കുന്ന ക്രിസ്തു ആത്മാവാകുന്നു എന്നാണ്. ക്രിസ്തു എന്തു സംസാരിച്ചാലും, അത് ആത്മാവിന്റെ സംസാരമാണ്. ഇതിനോട് ആർക്കും തർക്കിക്കുവാൻ കഴിയുകയില്ല. എഫെസൊസിലുള്ള സഭയോട് ആരായിരുന്നു സംസാരിച്ചത്? ദൂതന്മാരെ വലം കയ്യിൽ പിടിച്ചുംകൊണ്ട് സഭകളുടെ മധ്യേ നടക്കുന്ന മനുഷ്യപുത്രനായ ക്രിസ്തു. വാക്യം 7 സൂചിപ്പിക്കുന്നതുപോലെ, സംസാരിക്കുന്നവൻ ആത്യന്തികമായും ആത്മാവാണ്. ക്രിസ്തു സംസാരിക്കുന്ന ആത്മാവാണെന്ന് ഇത് തെളിയിക്കുന്നു. ആത്മാവ് കർത്താവാണെന്നും കർത്താവ് ആത്മാവാണെന്നും മാത്രമല്ല ഇതു സൂചിപ്പിക്കുന്നത്, 1:4-ലെ ഏഴിരട്ടി തീവ്രവൽക്കരിക്കപ്പെട്ട ആത്മാവിനാൽ സൂചിപ്പിക്കപ്പെടുന്നതുപോലെ സഭയുടെ അധഃപതനത്തിന്റെ കൂരിരുട്ടിൽ ആത്മാവിന്റെ നിർണ്ണായകമായ പ്രാധാന്യത്തിന് ഇത് ഊന്നൽ നല്കുകയും ചെയ്യുന്നു. ഇതേ ഊന്നൽ 14:13-ലും 22:17-ലും കാണാം. ക്രിസ്തു ഇന്ന് സംസാരിക്കുന്ന ആത്മാവല്ല എന്നു പറയുന്നത് ഭോഷത്വവും, ക്രിസ്തുവിൽനിന്നും ആത്മാവിനെ വേർപിരിക്കുന്നത് പരിഹാസ്യവും ആണ്. രണ്ടും ഒന്നാണ്.

സംസാരിക്കുന്ന ആത്മാവായിരിക്കാതെ സംസാരിക്കുന്നവൻ ക്രിസ്തു മാത്രമായിരുന്നുവെങ്കിൽ, അവന് നമ്മുടെ ആത്മാവിലേക്ക് ചില വചനങ്ങൾ സംസാരിക്കുവാൻ ഒരിക്കലും കഴിയുകയില്ല; അവന്റെ സംസാരം വളരെ അനുഭവനിഷ്ഠവും സ്പർശിക്കത്തക്കതും ആയിരിക്കുകയുമില്ല. എന്നാൽ നമ്മുടെ അനുഭവം സാക്ഷ്യപ്പെടുത്തുന്നതുപോലെ, ഈ ലേഖനങ്ങൾ നാം വായിക്കുമ്പോൾ, നമ്മുടെ ആത്മാവിൽ നാം അവനു തുറന്നിരിക്കുന്നുവെങ്കിൽ, ആത്മാവ് ഉടനെ ക്രിസ്തുവിൽനിന്ന് ചിലത് നമ്മോടു സംസാരിക്കും. സംസാരിക്കുന്നവൻ വസ്തുനിഷ്ഠനായ ക്രിസ്തുവല്ല അനുഭവനിഷ്ഠനായ ആത്മാവായതുകൊണ്ട്, അവൻ വേദപുസ്തകത്തിന്റെ കറുപ്പും വെളുപ്പുമായ അക്ഷരങ്ങളിൽ മാത്രമല്ല, നമ്മുടെ ആത്മാവിലും ആണ് സംസാരിക്കുന്നത്. ഒരിക്കൽ നാം അവന്റെ സംസാരം കേൾക്കുന്നുവെങ്കിൽ, സ്ഥായിയായ ഒന്ന് നമ്മിലേക്കു ചേർക്കപ്പെടുന്നു; യാതൊന്നിനും അതിനെ എടുത്തുകളയുവാൻ കഴിയില്ല. ഇന്ന് നമ്മുടെ ക്രിസ്തു സംസാരിക്കുന്ന ആത്മാവാണ്. ഈ വസ്തുതയുടെമേൽ ഞാൻ ആനന്ദിക്കുകയും ധൈര്യമായി അത് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

## A. സഭകളോട്

ഒരു വശത്ത്, ഏഴു ലേഖനങ്ങളിൽ ഓരോന്നും ഒരു പ്രത്യേക സഭയോടുള്ള കർത്താവിന്റെ വചനമാണ്; എന്നാൽ മറുവശത്ത്, അത് സകല സഭകളോടുമുള്ള ആത്മാവിന്റെ വചനമാണ്. ഓരോ സഭയും അവൾക്ക് പ്രത്യേകമായി എഴുതിയ ലേഖനത്തിനു

മാത്രമല്ല, മറ്റുള്ള സഭകൾക്കെഴുതിയ സകല ലേഖനങ്ങൾക്കും ശ്രദ്ധ ചെലുത്തണം. ആത്മാവിൽ കർത്താവിന്റെ സാക്ഷ്യമെന്ന നിലയിൽ എല്ലാ സഭകളും ഒരേപോലെയായിരിക്കണം എന്ന് ഇത് പരോക്ഷമായി സൂചിപ്പിക്കുന്നു. ഇന്ന് ആത്മാവ് സഭകളോടു സംസാരിക്കുന്നതിനാൽ, ആത്മാവിന്റെ സംസാരം കേൾക്കുവാൻ ശരിയായ സ്ഥാനത്തായിരിക്കുന്നതിന് നാം സഭകളിൽ ആയിരിക്കണം. അല്ലാതെങ്ങനെയാണ് നമുക്ക് ആത്മാവ് സംസാരിക്കുന്നതെന്തെന്ന് കേൾക്കുവാൻ കഴിയുന്നത്?

ആത്മാവ് ഏതെങ്കിലും മതത്തോടോ, മതസംഘടനയോടോ, അന്വേഷിക്കുന്ന ക്രിസ്ത്യാനികളുടെ കൂട്ടത്തോടോ അല്ല, സഭകളോടത്രേ സംസാരിക്കുന്നത്. ഇക്കാരണത്താലാണ് ആത്മാവിന്റെ സംസാരം നിരവധി ക്രിസ്ത്യാനികൾക്കും കേൾക്കുവാൻ കഴിയാത്തത്. ആത്മാവ് ഒരു സഭയോടു മാത്രമായിപോലും സംസാരിക്കുന്നില്ല, സഭകളോടത്രേ സംസാരിക്കുന്നത്. ചില സങ്കല്പിത സഭകൾ നിസ്തുലമായിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിലും, നാം നിസ്തുലമോ പ്രത്യേകമോ ആയ ഒരു സഭയായിരിക്കരുത്. നാം അങ്ങനെയാണെങ്കിൽ, ആത്മാവ് സഭകളോടു സംസാരിക്കുന്നതുകൊണ്ട് ആത്മാവിന്റെ സംസാരം നമുക്കു നഷ്ടമാകും. ഏഴു ലേഖനങ്ങളിൽ ഒന്നിലും ആത്മാവ് പ്രത്യേകമായ ഒരു സഭയോടു സംസാരിക്കുന്നില്ല. എല്ലാ സഭകളും പൊതുവായിരിക്കണം, നിസ്തുലമായിരിക്കരുത്. കഴിഞ്ഞ വർഷങ്ങളിൽ, ഓരോ സഭയും വ്യതിരിക്തമായിരിക്കണം എന്ന് നിരവധിപേർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഈ ധാരണ വച്ചുപുലർത്തുന്നവർ പറയുന്നത് ഓരോ സഭയ്ക്കും അതിന്റെ സ്ഥലപരമായ നിസ്തുലത ഉണ്ടായിരിക്കണം എന്നാണ്. ഈ ചിന്ത ആകർഷണീയമായി തോന്നാമെങ്കിലും, അതു തികച്ചും വികർഷിക്കുന്നതാണ്. നിങ്ങളുടെ സ്ഥലംസഭയെ നിസ്തുലമാക്കുകയെന്നാൽ മറ്റുള്ള എല്ലാ സഭകളിൽനിന്നും നിങ്ങളെത്തന്നെ വേർപെടുത്തുന്നതാണ്. നിങ്ങൾ ഇത് ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ആത്മാവിന്റെ സംസാരവുമായുള്ള ബന്ധം വിട്ടിരിക്കുന്നു. ഏതാണ് നല്ലത്—നിസ്തുലമായിരിക്കുന്നതോ, അതോ പൊതുവായിരിക്കുന്നതോ? പൊതുവായിരിക്കുന്നതാണു നല്ലതെന്നു നിങ്ങൾ പറയുമെങ്കിലും, നിസ്തുലമായിരിക്കുവാൻ എല്ലാവരും ഇഷ്ടപ്പെടുന്നു എന്നതാണു വസ്തുത. നിങ്ങളുടെ ഹൃദയത്തിൽ, നിങ്ങളുടെ സ്ഥലത്തുള്ള സഭ നിസ്തുലമായിരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു. എന്നിരുന്നാലും, സ്ഥലംസഭകളിൽ, നിസ്തുലമായിരിക്കുവാൻ ശ്രമിക്കരുത്. ആത്മാവ് നിസ്തുലമായ ഏതെങ്കിലും സഭയോടല്ല, സഭകളോടു സംസാരിക്കുന്നതുകൊണ്ട്, നാം എല്ലാവരും പൊതുവായിരിക്കണം. നാം സഭയിലും സഭകളുടെ ഇടയിലും ആയിരിക്കുമ്പോൾ, ആത്മാവിന്റെ

സംസാരം കേൾക്കുവാനുള്ള ശരിയായ സ്ഥാനവും ശരിയായ വീക്ഷണകോണും നമുക്കുണ്ട്.

## B. കേൾക്കുവാൻ ശരിയായ ചെവി ആവശ്യമാകുന്നു

ആത്മിക കാര്യങ്ങളിൽ, കാണുന്നത് കേൾക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ ആദ്യം ശബ്ദം കേൾക്കുകയും (1:10) പിന്നീട് ദർശനം കാണുകയും ചെയ്തു (1:2). നമ്മുടെ ചെവികൾ സാന്ദ്രമായതും കേൾക്കുവാൻ കഴിയാത്തതും ആണെങ്കിൽ, നമുക്കു കാണുവാൻ കഴിയുകയില്ല (യെശ. 6:9-10). യെഹൂദന്മാർ കർത്താവിന്റെ വചനം കേൾക്കാതിരുന്നതുകൊണ്ട്, കർത്താവു എന്താണു ചെയ്തുകൊണ്ടിരുന്നതെന്ന് അവർക്കു കാണുവാൻ കഴിഞ്ഞില്ല (മത്താ. 13:15; പ്രവൃ. 28:27). അവന്റെ വ്യവസ്ഥപ്രകാരം നാം കാര്യങ്ങൾ കാണേണ്ടതിന് അവന്റെ ശബ്ദം കേൾക്കുവാനായി നമ്മുടെ ചെവികളെ തുറക്കുവാൻ കർത്താവ് എപ്പോഴും ആഗ്രഹിക്കുന്നു (ഇയ്യോ. 33:14-16; യെശ. 50:4-5; പുറ. 21:6). സാന്ദ്രമായ ചെവികൾ പരിച്ഛേദിക്കപ്പെടണം (യിരെ. 6:10; പ്രവൃ. 7:51). പാപികളുടെ ചെവികൾ വീണ്ടെടുക്കുന്ന രക്തത്താൽ കഴുകപ്പെടുകയും ആത്മാവിനാൽ അഭിഷേകംചെയ്യപ്പെടുകയും വേണം (ലേവ്യ. 14:14, 17, 28). പുരോഹിതന്മാരായി കർത്താവിനെ സേവിക്കുന്നതിന് വീണ്ടെടുക്കുന്ന രക്തത്താൽ നമ്മുടെ ചെവികൾ കഴുകപ്പെടേണ്ടത് ആവശ്യമാണ് (പുറ. 29:20; ലേവ്യ. 8:23-24). ഈ പുസ്തകത്തിൽ ആത്മാവ് സഭകളോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ആത്മാവിന്റെ സംസാരം കേൾക്കുന്നതിന് നമുക്കെല്ലാവർക്കും തുറക്കപ്പെട്ടതും, പരിച്ഛേദനയേറ്റതും, ശുദ്ധീകരിക്കപ്പെട്ടതും, അഭിഷേകം ചെയ്യപ്പെട്ടതുമായ ചെവി ഉണ്ടായിരിക്കണം.

നമ്മുടെ സ്ഥാനവും വീക്ഷണകോണും ശരിയായിരിക്കാമെങ്കിലും, അപ്പോഴും നമുക്ക് കേൾക്കുവാനുള്ള ശരിയായ ചെവി ഉണ്ടായിരിക്കണമെന്നില്ല. ഒന്നാം അധ്യായം കാണുന്നതിനും രണ്ടും മൂന്നും അധ്യായങ്ങൾ കേൾക്കുന്നതിനും ഊന്നൽ നല്കുന്നു. നാം കാണുകയും കേൾക്കുകയും വേണം. നമ്മുടെ ഭൗതിക ഇന്ദ്രിയങ്ങളിൽ ഏതാണ് കൂടുതൽ പ്രധാനം—കാണുന്നതോ കേൾക്കുന്നതോ? നിങ്ങളുടെ കാഴ്ചയിലോ കേൾവിയിലോ ഏതെങ്കിലും ഒന്നു നഷ്ടപ്പെടുന്നത് തിരഞ്ഞെടുക്കുവാനുള്ള അവകാശം നിങ്ങൾക്കുണ്ടെന്ന് സങ്കല്പിക്കുക. നിങ്ങൾ ഏതു തിരഞ്ഞെടുക്കും? കേൾക്കുന്നതിനെക്കാൾ കാണുന്നതാണു പ്രധാനമെന്നു നിങ്ങൾ പറഞ്ഞേക്കാം, എന്നാൽ കേൾക്കുന്നത് കാണുന്നതിനെക്കാൾ ആഴമുള്ളതാണ്. അങ്ങനെ നാം, "കർത്താവേ, കാണുകയും കേൾക്കുകയും ചെയ്യുന്നത് എനിക്കാവശ്യമാണ്. എന്നോട് കരുണ ഉണ്ടാകേണമേ, കർത്താവേ,

കാണുവാനുള്ള കണ്ണും കേൾക്കുവാനുള്ള ചെവിയും എനിക്ക് നല്കണമേ" എന്നു കർത്താവിനോടു പറയണം. കാണുവാനും കേൾക്കുവാനും കഴിവുള്ളവരാകണം നാമെന്ന് കർത്താവിനോടു പറഞ്ഞുകൊണ്ട് അവനുമായി നമുക്ക് പോരാടേണ്ടി വന്നേക്കാം.

കേൾക്കുന്നത് കാണുന്നതിനെക്കാൾ ഗാഢമാണ്. നമ്മുടെ അടുത്ത സ്നേഹിതർ നമ്മോട് ഗാഢമായി സംസാരിക്കും. നിങ്ങളുടെ ശ്രവണാവയവം നിങ്ങൾക്ക് നഷ്ടമാകുന്നുവെങ്കിൽ, നിങ്ങളുടെ പ്രിയപ്പെട്ടവരുമായുള്ള ഈ ഉറ്റബന്ധം ആസ്വദിക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. ഒന്നാം അധ്യായത്തിൽ യോഹന്നാൻ കണ്ടു; രണ്ടും മൂന്നും അധ്യായങ്ങളിൽ അവൻ കേട്ടു. നാം സഭാജീവിതം കാണുകയും സഭാജീവിതത്തിന്റെ ഗാഢമായ ഉള്ളടക്കം കേൾക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. സഭയെ കാണുന്നത് ഒരു കാര്യവും, സഭാജീവിതത്തിന്റെ ഗാഢമായ ഉള്ളടക്കങ്ങൾ കേൾക്കുന്നത് മറ്റൊരു കാര്യവും ആണ്. നമ്മിൽ അനേകരും സഭയെ കണ്ടിട്ടുണ്ടെങ്കിലും അനേകർ സാഭാജീവിതത്തിന്റെ ഗാഢമായ ഉള്ളടക്കം കേട്ടിട്ടില്ല. ഇക്കാരണത്താൽ, കേൾക്കുന്നതിനുള്ള ചെവി നമുക്കാവശ്യമാണ്. "ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ."

## VI. ജയാളികൾക്കുള്ള വാഗ്ദത്തം— ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുന്നത്

ഇപ്പോൾ നാം ജയാളികൾക്കുള്ള വാഗ്ദത്തത്തിലേക്കു വരുന്നു: "ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും" (2:7). ജയിക്കുകയെന്നാൽ ഈ ഏഴു ലേഖനങ്ങളിൽ അർഥമാക്കുന്നത് സഭകളുടെ അധഃപതിച്ച സാഹചര്യത്തെ ജയിക്കുക എന്നാണ്. ഈ ലേഖനത്തിൽ, ഇത് അർഥമാക്കുന്നത് കർത്താവിനോടുള്ള നമ്മുടെ ആദ്യസ്നേഹം പ്രത്യുദ്ധരിക്കുന്നതും, കർത്താവു വെറുക്കുന്നതായ പുരോഹിത അധികാരശ്രേണി എന്ന നിക്കൊലാവ്യരുടെ പ്രവൃത്തികളെ വെറുക്കുന്നതും ആണ്.

2:7-ൽ കർത്താവു പറഞ്ഞത് ജയിക്കുന്നവന് അവൻ ജീവവൃക്ഷത്തിൽനിന്നു തിന്മാൻ കൊടുക്കും എന്നാണ്. മതം എപ്പോഴും പഠിപ്പിക്കുന്നു, എന്നാൽ കർത്താവ് പോഷിപ്പിക്കുന്നു (യോഹ. 6:35). വിശ്വാസികളെ പോഷിപ്പിച്ചുകൊണ്ട് അപ്പൊസ്തലനായ പൗലൊസും അതേ കാര്യം ചെയ്തു (1 കൊരി. 3:2). ശരിയായ സഭാജീവിതത്തിനും സഭാജീവിതത്തിന്റെ പ്രത്യുദ്ധാരത്തിനും, അതായത്, സഭാജീവിതത്തിലുള്ള ശരിയായ വളർച്ചയ്ക്ക്, നമുക്കാവശ്യമായിരിക്കുന്നത് ഉപദേശങ്ങളുടെ മാനസിക ഗ്രാഹ്യമല്ല, പിന്നെയോ നമ്മുടെ ആത്മാവിൽ ജീവന്റെ അപ്പമായി

കർത്താവിനെ ഭക്ഷിക്കുന്നതാണ് (യോഹ. 6:57). തിരുവെഴുത്തിലെ വചനങ്ങളെപ്പോലും നമ്മുടെ മനസ്സിനെ പഠിപ്പിക്കുവാനുള്ള വെറും ഉപദേശങ്ങളായല്ല, പിന്നെയോ നമ്മുടെ ആത്മാവിനെ പോഷിപ്പിക്കുവാനുള്ള ആഹാരമായാണ് കരുതേണ്ടത് (മത്താ. 4:4; എബ്രാ. 5:12-14). ഇവിടെ ഈ ലേഖനത്തിൽ ജയാളിക്ക് "ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ" നല്കുമെന്ന് കർത്താവു വാഗ്ദത്തം ചെയ്യുന്നു. ഇത് ദൈവത്താൽ നിയോഗിക്കപ്പെട്ട ഭക്ഷിക്കുന്ന വിഷയത്തെ സംബന്ധിച്ച ഉല്പത്തി 2:8-9, 16 എന്നീ വാക്യങ്ങളിലേക്ക് തിരികെ പരാമർശിക്കുന്നു. പെർഗ്ഗമൊസിലുള്ള സഭയ്ക്കുള്ള ലേഖനത്തിൽ ജയാളിക്ക് "മറഞ്ഞിരിക്കുന്ന മന്ന" ഭക്ഷിക്കുവാൻ നല്കുമെന്ന് കർത്താവു വാഗ്ദത്തം ചെയ്യുന്നു (2:17); അത് മരുഭൂമിയിൽ യിസ്രായേൽമക്കൾ ഭക്ഷിച്ചതായ മന്നയെ പരാമർശിക്കുന്നു (പുറ. 16:14-16, 31). ലവൊദിക്യയിലുള്ള സഭയ്ക്കുള്ള ലേഖനത്തിൽ, അവന് വാതിൽ തുറന്നുകൊടുക്കുന്നവനോടുകൂടെ അത്താഴം കഴിക്കുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്യുന്നു (3:20). അത്താഴം കഴിക്കുന്നത് ഒരു വിഭവം മാത്രം കഴിക്കുന്നതല്ല, പിന്നെയോ ഒരു സദ്യയിലുള്ള സമ്പന്നത കഴിക്കുന്നതാണ്. ഇത് യിസ്രായേൽമക്കൾ നല്ലദേശമായ കനാനിലെ സമ്പന്നമായ വിളവു ഭക്ഷിച്ചതിനെയായിരിക്കാം പരാമർശിക്കുന്നത് (യോശു. 5:10-12). ഇതു സൂചിപ്പിക്കുന്നത് ദൈവത്താൽ നിയോഗിക്കപ്പെടുകയും, നമുക്കുള്ള ആഹാരമായി ക്രിസ്തുവിന്റെ വിഭിന്നമായ വശങ്ങളുടെ മുൻകുറികളായ, ജീവവൃക്ഷത്താലും മന്നയാലും നല്ലദേശത്തിലെ വിളവിനാലും മുൻകുറിക്കപ്പെടുകയും ചെയ്തതുപോലെ, ദൈവത്തിന്റെ ജനം ശരിയായ ആഹാരം ഭക്ഷിക്കുന്നത് പ്രത്യു ദ്ധരിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു എന്നാണ്. സഭയുടെ അധഃപതനം തങ്ങളുടെ ഭക്ഷണമായി ക്രിസ്തുവിനെ ഭക്ഷിക്കുന്ന തിൽനിന്നും അറിവിനുവേണ്ടി ഉപദേശങ്ങൾ പഠിപ്പിക്കുന്നതിലേക്ക് ദൈവജനത്തെ വ്യതിചലിപ്പിക്കുന്നു. സഭയുടെ അധഃപതനത്തിൽ ബിലെയാമിന്റെ ഉപദേശവും (2:14), നിക്കൊലാവ്യരുടെ ഉപദേശവും (2:15), ഈസേബെലിന്റെ ഉപദേശവും (2:20), സാത്താന്റെ ആഴമേറിയ കാര്യങ്ങളുടെ ഉപദേശവും (2:24) ഉണ്ട്. ഇപ്പോൾ ഈ ലേഖനങ്ങളിൽ നമ്മുടെ ആഹാരമായി അവനെത്തന്നെ ശരിയായി ഭക്ഷിക്കുന്നത് പ്രത്യുദ്ധരിക്കുവാനായി കർത്താവു വരുന്നു. ജീവവൃക്ഷമായും മറഞ്ഞിരിക്കുന്ന മന്നയായും മാത്രമല്ല നാം അവനെ ഭക്ഷിക്കേണ്ടത്, പിന്നെയോ അവന്റെ സമ്പന്നത നിറഞ്ഞ ഒരു സദ്യയായും ഭക്ഷിക്കണം.

*വൃക്ഷം* എന്നതിനുള്ള ഇവിടത്തെ യവനപദം, 1 പത്രൊസ് 2:24-ലെന്നപോലെ മരമാണ്, വൃക്ഷം എന്നതിന് സാധാരണയായി ഉപയോഗിക്കുന്ന പദമല്ല. വേദപുസ്തകത്തിൽ "ജീവവൃക്ഷം" എപ്പോഴും നമ്മുടെ ആഹാരത്തിനുവേണ്ടിയുള്ള (ഉല്പ. 2:9; 3:22,

24; വെളി. 22:2, 14, 19) ദൈവത്തിന്റെ സകല സമ്പന്നതയുടെയും ദേഹരൂപമായ ക്രിസ്തുവിനെ പരാമർശിക്കുന്നു (കൊലൊ. 2:9). ഇവിടെ അത് സഭയിൽ ഇന്നുള്ളവനായ ക്രൂശിക്കപ്പെട്ടവനും (മരക്കഷണം എന്ന നിലയിൽ വൃക്ഷത്തിൽ പരോക്ഷമായി സൂചിപ്പിക്കുന്നു—1 പത്രൊ. 2:24), ഉയിർത്തെഴുന്നേറ്റവനുമായ (ദൈവ ജീവനിൽ (zoe life) പരോക്ഷമായി സൂചിപ്പിക്കുന്നു—യോഹ. 11:25) ക്രിസ്തുവിനെയാണ് പരാമർശിക്കുന്നത്, സഭയുടെ പരിണതി പുതിയ യെരൂശലേമായിരിക്കും, അതിൽ നിത്യതയോളം വീണ്ടെടുക്കപ്പെട്ട എല്ലാ ദൈവജനത്തിന്റെയും ആസ്വാദനത്തിനു വേണ്ടി ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തു ജീവവൃക്ഷമായിരിക്കും (22:2, 14).

മനുഷ്യൻ ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കണമെന്നതായിരുന്നു ദൈവത്തിന്റെ ആരംഭോദ്ദേശ്യം (ഉല്പ. 2:9, 16). വീഴ്ചമൂലം, ജീവവൃക്ഷം മനുഷ്യന് അടയ്ക്കപ്പെട്ടു (3:22-24). ക്രിസ്തുവിന്റെ വീണ്ടെടുപ്പിലൂടെ മനുഷ്യന് ജീവനായി ക്രിസ്തുവിൽ ദൈവംതന്നെയായ ജീവവൃക്ഷത്തെ തൊടുവാനുള്ള വഴി ഒരിക്കൽകൂടെ തുറക്കപ്പെട്ടിരിക്കുന്നു (എബ്രാ. 10:1-20). എന്നാൽ സഭയുടെ അധഃപതനത്തിൽ ജീവവൃക്ഷമായി ക്രിസ്തുവിനെ ഭക്ഷിക്കുന്നതിൽനിന്നും അവന്റെ വിശ്വാസികളെ വ്യതിചലിപ്പിക്കുവാൻ മതം അതിന്റെ അറിവോടുകൂടെ നുഴഞ്ഞുകയറി. ഇക്കാരണത്താൽ, ഒരു പ്രതിഫലമായി ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷമെന്ന നിലയിൽ അവനിൽനിന്നു തന്നെ ജയാളികൾക്കു ഭക്ഷിക്കുന്നതിനു നല്കുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്യുന്നു. അവർ മതത്തിന്റെ അറിവിനെ വിട്ടുകളയുന്നതിനും ദൈവത്തെ ആസ്വദിക്കുന്നതിലേക്കു മടങ്ങിവരുന്നതിനുമുള്ള ഒരു പ്രചോദനമാണിത്. കർത്താവിന്റെ ഈ വാഗ്ദത്തം അവന്റെ വ്യവസ്ഥയനുസരിച്ചുള്ള ദൈവത്തിന്റെ ആരംഭോദ്ദേശ്യത്തിലേക്ക് സഭയെ പുനഃസ്ഥാപിക്കുന്നു. ജയാളികൾ ചെയ്യണമെന്ന് കർത്താവ് ആഗ്രഹിക്കുന്നതെന്തോ അത് ദൈവത്തിന്റെ വ്യവസ്ഥയിൽ മുഴുവൻ സഭയും ചെയ്യണം. സഭയുടെ അധഃപതനം മൂലം, ദൈവത്തിന്റെ വ്യവസ്ഥയുടെ നിർവഹണത്തിൽ സഭയ്ക്കു പകരമായിരിക്കുവാൻ ജയാളികളെ വിളിക്കുന്നതിന് കർത്താവ് വരുന്നു.

ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുന്നത് മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ആരംഭോദ്ദേശ്യം മാത്രമായിരുന്നില്ല, പിന്നെയോ ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ നിത്യഫലവുമായിരിക്കും. അവന്റെ വീണ്ടെടുക്കപ്പെട്ട സകല ജനവും ജീവവൃക്ഷത്തെ ആസ്വദിക്കും, അത് നിത്യതയോളം അവരുടെ ഓഹരിയെന്ന നിലയിൽ സകല ദിവ്യസമ്പത്തോടുംകൂടിയ ക്രിസ്തുവാണ് (22:2, 14, 19). മതത്തിന്റെ വ്യതിചലിപ്പിക്കലും സഭയുടെ അധഃപതനവും നിമിത്തം, മതത്തിന്റെ വ്യതിചലിപ്പിക്കുന്ന ഉപദേശങ്ങളുടെ അറിവിനെ

ജയിക്കുവാനും ദൈവവ്യവസ്ഥയുടെ നിറവേറലിനുവേണ്ടി ഇന്ന് സഭയിൽ ജീവസഹായമായി അവനെ ആസ്വദിക്കുന്നതിന് മടങ്ങിവരുവാനും തന്റെ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതിന്, കർത്താവ് തന്റെ ജ്ഞാനത്തിൽ വരുവാനുള്ള രാജ്യത്തിൽ അവനെ ആസ്വദിക്കുന്നത് ഒരു പ്രതിഫലമാക്കുന്നു.

## A. ദൈവത്തിന്റെ പറുദീസയിൽ

നാം കണ്ടതുപോലെ, എഫെസൊസിലുള്ള സഭയിയിലെ ജയാളികൾക്കുള്ള വാഗ്ദത്തം ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുന്നതായിരുന്നു. ജീവവൃക്ഷം ദൈവത്തിന്റെ പറുദീസയിലാണ്. നമുക്ക് വേദപുസ്തകത്തെ അറിയാമെങ്കിൽ, 2:7-ലുള്ള പറുദീസ ഏദെൻതോട്ടമല്ല, വരുവാൻപോകുന്ന പുതിയ യെരൂശലേം ആണെന്ന് നാം മനസ്സിലാക്കും. ലൂക്കൊസ് 23:43-ലുള്ള പറുദീസ അബ്രാഹാമും മരിച്ചുപോയ സകല വിശുദ്ധന്മാരും ആയിരിക്കുന്നതായ മനോഹരവും സ്വസ്ഥതയുമുള്ള സ്ഥലമാണ് (ലൂക്കൊ. 16:23-26). എന്നാൽ, ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ഈ വാക്യത്തിൽ ഉള്ള "ദൈവത്തിന്റെ പറുദീസ" പുതിയ യെരൂശലേം ആണ് (3:12; 21:2, 10; 22:1-2, 14, 19); സഭ ഇന്ന് അതിന്റെ മുൻരുചിയാണ്. ആദാം ഏദെൻതോട്ടത്തിൽ ആയിരുന്നു, അബ്രാഹാമും മരിച്ചുപോയ എല്ലാ വിശുദ്ധന്മാരും പറുദീസയിൽ ആണ്. പുതിയ യെരൂശലേമിലുള്ള ദൈവത്തിന്റെ പറുദീസ എന്ന മറ്റൊരു പറുദീസയിലേക്കു പ്രവേശിക്കുവാൻ നാം കാത്തിരിക്കുന്നു. നാം ഇതിനുവേണ്ടി കാത്തിരിക്കുമ്പോൾ നമുക്ക് ഇന്ന് പുതിയ യെരൂശലേമിന്റെ ഒരു ചെറുപതിപ്പായ സഭാജീവിതം ഉണ്ട്. സഭയിൽ കർത്താവായ യേശുവിനെ നാം ജീവവൃക്ഷമായി ആസ്വദിക്കുന്നു. സഭയിൽ ഒരു മുൻരുചിയായി ഇന്ന് ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തുവിനെ ജീവവൃക്ഷമായി, നമ്മുടെ ആത്മാവിലുള്ള ആഹാരമായി നാം ആസ്വദിക്കുന്നു. മുൻരുചിയുടെ ഈ ആസ്വാദനം പുതിയ യെരൂശലേമിൽ നിത്യതയോളം നമ്മുടെ ജീവപോഷണമായി, ജീവവൃക്ഷമായ ക്രൂശിക്കപ്പെട്ടവനും പുനരുത്ഥാനം ചെയ്തവനുമായ ക്രിസ്തുവിന്റെ പൂർണരുചിയിലേക്ക് നമ്മെ ആനയിക്കും. എഫെസൊസിലെ ജയാളികൾക്ക് ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ നല്കും എന്നുള്ള വാഗ്ദത്തം സൂചിപ്പിക്കുന്നത് അവർ ഇന്ന് സഭാജീവിതത്തിൽ ക്രിസ്തുവിനെ ഭക്ഷിക്കുമെന്നും നിത്യതയിൽ പുതിയ യെരൂശലേമിൽ ജീവവൃക്ഷമായി അവനെ ഭക്ഷിക്കുമെന്നും ആണ്. നമ്മുടെ അനുഭവം ഇത് ഉറപ്പിക്കുന്നു.

കൃത്യമായി പറഞ്ഞാൽ, ഈ വാക്യത്തിലെ "ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ" എന്നത് വരുവാൻപോകുന്ന സഹസ്രാബ്ദരാജ്യത്തിലെ പുതിയ

യെരൂശലേമിൽ നമ്മുടെ ജീവസഹായമായി ക്രിസ്തുവിനെ സവിശേഷമായി ആസ്വദിക്കുന്നതിനെയാണ് പരാമർശിക്കുന്നത്: കാരണം ഇത് തന്റെ ജയാളികൾക്ക് കർത്താവ് നൽകിയ പ്രതിഫലത്തിന്റെ വാഗ്ദത്തമാണ്. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിൽ ജീവവൃക്ഷമായി ക്രിസ്തുവിനെ ആസ്വദിക്കുന്നത് ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട സകല ജനത്തിന്റെയും പൊതുവായ ഓഹരിയാണെങ്കിൽ, വരുവാൻപോകുന്ന സഹസ്രാബ്ദരാജ്യത്തിലെ പുതിയ യെരൂശലേമിൽ ജീവവൃക്ഷമായി അവനെ സവിശേഷമായി ആസ്വദിക്കുന്നത് ജയാളികളായ വിശ്വാസികൾക്കു മാത്രമുള്ള പ്രതിഫലമാണ്. ഇന്ന് സഭയിൽ ജീവവൃക്ഷമായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് സഭയുടെ അധഃപതനത്തിലുള്ള സകല വ്യതിചലനങ്ങളെയും നാം ജയിക്കുമെങ്കിൽ, നാം ഇപ്രകാരം പ്രതിഫലം പ്രാപിക്കും. അല്ലാത്തപക്ഷം, നിത്യതയോളം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിൽ ജീവവൃക്ഷമായി നാം അവനെ ആസ്വദിക്കുമെങ്കിലും, വരുവാനുള്ള രാജ്യത്തിൽ ഈ സവിശേഷമായ ആസ്വാദനം നാം നഷ്ടപ്പെടുത്തും. ഏഴു ലേഖനങ്ങളിൽ ഓരോന്നിന്റെയും അവസാനമുള്ള പ്രതിഫലത്തെ സംബന്ധിച്ചുള്ള കർത്താവിന്റെ എല്ലാ വാഗ്ദത്തങ്ങളും, നഷ്ടത്തെ സംബന്ധിച്ച അവന്റെ എല്ലാ പ്രവചനങ്ങളും, വരാൻപോകുന്ന സഹസ്രാബ്ദരാജ്യത്തിൽ അവന്റെ വിശ്വാസികളുമായുള്ള അവന്റെ ഇടപെടലിനെ പരാമർശിക്കുന്നു. ഈ വാഗ്ദത്തങ്ങൾക്ക് നിത്യരക്ഷ, അഥവാ നിത്യനാശം എന്ന നിത്യമായ ദൈവകല്പിതവുമായി യാതൊരു ബന്ധവുമില്ല.

## B. ആദിയിലേക്കുള്ള മടക്കം

ആരംഭത്തിൽ ജീവവൃക്ഷം ഉണ്ടായിരുന്നതുകൊണ്ട് ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കുന്ന ഈ വിഷയം നമ്മെ ആരംഭത്തിലേക്കു മടക്കിക്കൊണ്ടുവരുന്നു (ഉല്പ. 2:9, 16). ജീവവൃക്ഷം നമ്മെ എപ്പോഴും ദൈവമല്ലാതെ മറ്റൊന്നും ഇല്ലാത്ത ആരംഭത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നു. അവിടെ വേലയോ, അധ്വാനമോ, സഹിഷ്ണുതയോ, മറ്റെന്തെങ്കിലുമോ ഇല്ല—ദൈവം മാത്രം. സഭാജീവിതത്തിൽ മറ്റെല്ലാറ്റിനെയും മറക്കുകയും ജീവവൃക്ഷമായി ദൈവത്തെ ആസ്വദിക്കുകയും ചെയ്തുകൊണ്ട് ആരംഭത്തിലേക്ക് പിന്നെയും പിന്നെയും നമ്മെ കൊണ്ടുവരേണ്ടത് ആവശ്യമാണ്.

## C. ജീവസഹായമായി ക്രിസ്തുവിനെ ആസ്വദിക്കുന്നത്

ജീവവൃക്ഷത്തോടുകൂടെ നാം ആരംഭത്തിലേക്ക് മടങ്ങിവരുമ്പോൾ, നാം ക്രിസ്തുവിനെ ജീവസഹായമായി ആസ്വദിക്കുന്നു. ജീവവൃക്ഷം ഭക്ഷിക്കുന്നത്, അതായത്, നമ്മുടെ ജീവസഹായമായി

ക്രിസ്തുവിനെ ആസ്വദിക്കുന്നത്, സഭാജീവിതത്തിൽ പ്രാഥമിക വിഷയമായിരിക്കണം. സഭാജീവിതത്തിന്റെ ഉള്ളടക്കം ക്രിസ്തുവിനെ ആസ്വാദിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. നാം എത്രയധികം അവനെ ആസ്വദിക്കുന്നുവോ അത്രയും സമ്പന്നമായിരിക്കും ഉള്ളടക്കം. എന്നാൽ ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് നാം ആദ്യസ്നേഹത്തോടുകൂടെ അവനെ സ്നേഹിക്കുന്നത് ആവശ്യമാകുന്നു. കർത്താവിനോടുള്ള നമ്മുടെ ആദ്യസ്നേഹം നാം വിട്ടുകളയുന്നുവെങ്കിൽ, നമുക്ക് ക്രിസ്തുവിനെ ആസ്വദിക്കുന്നത് ഇല്ലാതാകുകയും യേശുവിന്റെ സാക്ഷ്യം നഷ്ടമാകുകയും ചെയ്യും: തന്മൂലം നിലവിളക്ക് നമ്മിൽനിന്നും നീക്കപ്പെടും. കർത്താവിനെ സ്നേഹിക്കുന്നതും കർത്താവിനെ ആസ്വദിക്കുന്നതും കർത്താവിന്റെ സാക്ഷ്യമായിരിക്കുന്നതും ഒരുമിച്ചു പോകുന്നു.

നാം ആരംഭത്തിലേക്കു മടങ്ങിവരണമെങ്കിൽ, നാം സകലത്തെയും മറക്കുകയും ജീവസഹായമായി ക്രിസ്തുവിനെ ആസ്വദിക്കുകയും വേണം. ഇതിനുവേണ്ടി, നാം സകലത്തിനുംമീതെ, അവനുവേണ്ടിയുള്ള നമ്മുടെ വേലയ്ക്കും അവനുവേണ്ടി നമുക്കുള്ള എന്തിനുംമീതെ അവനെ സ്നേഹിക്കണം. കേവലം അവനെ സ്നേഹിക്കുന്നതിലൂടെ നാം ആരംഭത്തിലേക്ക് മടങ്ങിവരുന്നു, അവിടെ നാം ജീവവൃക്ഷത്തിലുള്ള നമ്മുടെ ജീവസഹായമായി ദൈവത്തെയല്ലാതെ മറ്റൊന്നിനെയും കരുതുന്നില്ല. ഇതാണ് സഭാജീവിതം നിലനിർത്തുവാനും സഭാജീവതത്തിൽ കാക്കപ്പെടുവാനുമുള്ള ശരിയായ മാർഗം. ഇവിടെ നമുക്ക് ഉത്തമ സ്നേഹവും, ജീവസഹായമായി ജീവവൃക്ഷവും, പ്രകാശിക്കുന്ന വെളിച്ചത്തോടുകൂടെയുള്ള നിലവിളക്കും ഉണ്ട്. എത്ര വിസ്മയാവഹം! നാം എത്രയധികം അവനെ സ്നേഹിക്കുന്നുവോ, അത്രയുമധികം അവനിൽനിന്ന് ഭക്ഷിക്കുവാനും ജീവവൃക്ഷമായി അവനെ ആസ്വദിക്കുവാനുമുള്ള അവകാശം നമുക്ക് ഉണ്ടായിരിക്കും. അപ്പോൾ, തൽഫലമായി, അവന്റെ സാക്ഷ്യത്തിന്റെ വെളിച്ചം ശോഭയോടെ പ്രകാശിക്കും.